GI 702

शिक्षा का अधिकार
सर्व शिक्षा अभियान
सब पढ़ें सब बढ़ें

# ഒന്നാം പാദവാർഷിക മൂല്യനിർണയം 2015-16

## മലയാളം

സ്റ്റാൻഡേർഡ് : VII | കേരള പാഠാവലി | സമയം : 2 മണിക്കൂർ

---

### സൂചകങ്ങൾ

### പ്രവർത്തനം 1. ഡയറിക്കുറിപ്പ്

എ • സിംലയുടെ ഹൃദയ വികാരങ്ങളെ ഉൾപ്പെടുത്തി ആശയവ്യക്തതയോടെ ആത്മനിഷ്ഠമായി സ്വന്തം കാഴ്ചപ്പാടുകൾ പ്രകടിപ്പിച്ചുകൊണ്ടുള്ള രചനാരീതി. 4

• ആശയവ്യക്തതയോടെയുള്ള ആത്മനിഷ്ഠമായ രചനാരീതി. 3

• ആശയങ്ങൾ എഴുതിയിട്ടുണ്ട് 2

• ആശയങ്ങൾ ഭാഗികമായി അവതരിപ്പിച്ചിട്ടുണ്ട്. 1

ബി രാജൻ കാക്കനാടൻ 1

### പ്രവർത്തനം 2. ആസ്വാദനക്കുറിപ്പ്

എ. • തുമ്പപ്പൂ എന്ന കവിതയുടെ ആശയം, സവിശേഷപ്രയോഗങ്ങൾ, സൗന്ദര്യാംശം എന്നിവ കണ്ടെത്തി സ്വന്തമായ നിരീക്ഷണങ്ങളും തെളിവുകളും കവിയെക്കുറിച്ചുള്ള വിശദാംശങ്ങളും ഉചിതമായ ശീർഷകവും നൽകി തയ്യാറാക്കിയിട്ടുണ്ട്. 4

• കാവ്യഭാഷ. ആശയങ്ങൾ, സവിശേഷമായ പ്രയോഗങ്ങൾ, ശൈലികൾ എന്നിവ വിശകലനം ചെയ്ത് ഉചിതമായ ശീർഷകം നൽകി അവതരിപ്പിച്ചിട്ടുണ്ട്. 3

• ആശയങ്ങൾ, ശൈലികൾ, വർണനകൾ എന്നിവ ഉൾക്കൊള്ളിച്ച് അവതരിപ്പിച്ചിട്ടുണ്ട്. 2

• ആശയങ്ങൾ ഭാഗികമായി അവതരിപ്പിച്ചിട്ടുണ്ട്. 1

ബി. തുമ്പ 1

### പ്രവർത്തനം 3. കത്ത്

എ • അനുയോജ്യമായ ഘടന (ആര്, ആർക്ക്, എപ്പോൾ, എവിടെ നിന്ന് അയക്കുന്നു എന്ന സൂചന, ഉപസംഹാരം, പേര്, ഒപ്പ്) പാലിച്ചുകൊണ്ട് ചന്ദ്രേട്ടന്റെ മാനസിക സംഘർഷങ്ങൾ വൈകാരികമായ ഭാഷയിൽ അവതരിപ്പിച്ചിട്ടുണ്ട്. 3

• ആശയവ്യക്തത, അനുയോജ്യമായ ഭാഷ, വൈകാരിക ബന്ധം എന്നിവ ഉൾപ്പെടുത്തിയുള്ള രചന. 2

- ആശയവ്യക്തതയും അനുയോജ്യമായ ഭാഷാപ്രയോഗവും ഘടനയും ഭാഗികമായിപാലിച്ചുകൊണ്ടുള്ള രചന. 1

(ബി) • പൂവ് എന്ന പദത്തോട് അനുയോജ്യമായ വിശേഷണങ്ങൾ ചേർത്ത് എഴുതിയിട്ടുണ്ട്. 2

## പ്രവർത്തനം 4. ജീവചരിത്രക്കുറിപ്പ്

- കവിയുടെ ജീവിതത്തിലെ പ്രധാന സന്ദർഭങ്ങളും സംഭവങ്ങളും അനുഭവങ്ങളും വിവരിച്ചുകൊണ്ട് സാഹിത്യത്തിലെ സ്ഥാനവും പ്രത്യേകതകളും കൃതികളും ലഭിച്ച ബഹുമതികളും ഉൾപ്പെടുത്തി വസ്തുനിഷ്ഠമായും ആകർഷകമായും വിവരിച്ചിട്ടുണ്ട്. (ഘടന, പ്രയോഗങ്ങൾ, ശൈലി എന്നിവ) 5
- വ്യക്തിയുടെ ജീവിതത്തിലെ പ്രധാന സംഭവങ്ങളും സന്ദർഭങ്ങളും വസ്തുനിഷ്ഠമായും അനുക്രമമായും വിവരിച്ചിട്ടുണ്ട്. 4
- വ്യക്തിയുടെ ജീവിതത്തിലെ പ്രധാന സന്ദർഭങ്ങൾ സത്യസന്ധമായും അനുക്രമമായി വിവരിച്ചിട്ടുണ്ട്. 3
- ലഭിച്ച വിവരങ്ങൾ മാത്രം വികസിപ്പിച്ച് എഴുതിയിട്ടുണ്ട്. 2
- സൂചനകൾ ഉപയോഗപ്പെടുത്തി എഴുതാൻ ശ്രമിച്ചിട്ടുണ്ട്. 1

## പ്രവർത്തനം 5. അഭിമുഖ ചോദ്യങ്ങൾ

- കഥാകൃത്തിന്റെ പ്രവർത്തന മേഖലയുമായും കഥാപാത്രങ്ങളുമായും ബന്ധപ്പെട്ട പരമാവധി ആശയങ്ങൾ ലഭ്യമാക്കാൻ തക്കവിധം ഘടന, സവിശേഷ പ്രയോഗങ്ങൾ ശൈലികൾ എന്നിവ ഉൾപ്പെടുത്തി പ്രസക്തമായ ചോദ്യങ്ങൾ എഴുതിയിട്ടുണ്ട്. 5
- പ്രവർത്തന മേഖലയെക്കുറിച്ച് വിവരങ്ങൾ ലഭിക്കാൻ പാകത്തിൽ മൗലികവും വ്യത്യസ്തവുമായ ചോദ്യങ്ങൾ എഴുതിയിട്ടുണ്ട്. 4
- വ്യത്യസ്ത തരത്തിലുള്ള പ്രസക്തമായ ചോദ്യങ്ങൾ എഴുതിയിട്ടുണ്ട്. 3
- പ്രവർത്തന മേഖലയുമായി ബന്ധപ്പെട്ട് ചോദ്യങ്ങൾ എഴുതിയിട്ടുണ്ട്. 2
- ഏതാനും ചോദ്യങ്ങൾ എഴുതിയിട്ടുണ്ട്. 1